VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ടുപരിഗണന

11 A. M.] **അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട്.**

ശ്രീ. എം. എം. ഹസ്സൻ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. ചെയർമാൻ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VII. പ്രമേയങ്ങൾ

(1) കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിറ്റി (തുടർച്ച)

ഡോ. കെ. സി. ജോസഫ്: സർ, ഈ പ്രമേയം 31-7-1985-ൽ ഞാൻ അവതരിപ്പിച്ചതാണ്. കുട്ടനാടിൻെറ ചരിത്രത്തെക്കുറിച്ചും ഭൂമിശാസ്ത്രത്തെക്കുറിച്ചും എല്ലാം ഏകദേശമായി ഞാൻ അന്ന് സൂചിപ്പിക്കുകയുണ്ടായി. ഞാൻ അവസാനം പറഞ്ഞു നിർത്തിയത് സി. തോമസ്സ് ചെയർമാനായി നിയമിച്ച കമ്മീഷൻ കുട്ടനാട്ടിലെ നെൽ കർഷകരുടെ പ്രശ്നം കുട്ടനാടിനെ പ്രത്യേകിച്ച് കണ്ടുകൊണ്ട് ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ വേണ്ടിയുള്ള ശുപാർശ സമർപ്പിച്ചതിനെക്കുറിച്ചാണ്. അതിനകത്ത് അദ്ദേഹം വളരെ വ്യക്തമായി കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യകതയെക്കുറിച്ചും അതിൽ ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങളെക്കുറിച്ചും പറയുകയുണ്ടായി. കുട്ടനാട്, മീനച്ചിൽ, പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നാല് നദികളുടെ ഡെൽറ്റാ പ്രദേശമാണ്. സ്വാഭാവികമായും എല്ലാ വർഷവും വർഷക്കാലത്ത് ഈ പുഴയിലൂടെ വെള്ളം കൂടുതലായി വരികയും വെള്ളപ്പൊക്കക്കെടുതികൾ എല്ലാ വർഷവും കുട്ടനാടൻ പ്രദേശങ്ങളെ ബാധിക്കുകയും ചെയ്യാറുണ്ട്. അങ്ങനെ ഓരോ വർഷവും വ്യാപകമായ നഷ്ടം കുട്ടനാട്ടിലെ ജനങ്ങൾക്ക് ഉണ്ടാകുന്നുണ്ട്. ഈ വർഷത്തെ നാശനഷ്ടങ്ങൾ അതിഭീകരമായിരുന്നു. ഇത് പല പ്രാവശ്യം ഇവിടെ ചർച്ച ചെയ്തിട്ടുള്ള വിഷയമായതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കുട്ടനാട്ടിലെ നെൽക്കൃഷിയെക്കുറിച്ച് സി. തോമസ്സ് കമ്മീഷൻ റിപ്പോർട്ട് കൊടുത്തു. നിരവധി കമ്മീഷനുകൾ പഠനം നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. പക്ഷേ ആ റിപ്പോർട്ടുകളിൽ ചിലത് പ്രസിദ്ധീകരിച്ചു; ചിലത് പ്രസിദ്ധീകരിച്ചിട്ടില്ല, പ്രസിദ്ധീകരിച്ചവയാകട്ടെ അതിൽ പറഞ്ഞിരിക്കുന്ന ഒരു ശുപാർശകളും ഭാഗികമായല്ലാതെ പൂർണ്ണമായി നടപ്പാക്കാൻ തയ്യാറായിട്ടില്ല. ഇനി പ്രസിദ്ധീകരിക്കുവാൻ 1981 അവസാനം സമർപ്പിച്ച ജനാർദ്ദനൻ നായർ കമ്മീഷൻെറ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും അതിലെ ശുപാർശകൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതായുണ്ട്.

അതുപോലെതന്നെ 1971-ൽ സി. തോമസ്സ് ഡെവലപ്പ്മെൻറ് അതോറിറ്റി കുട്ടനാടിനുവേണ്ടി രൂപീകരിക്കണമെന്ന് പറഞ്ഞതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട് വാട്ടർ സപ്ലൈ സ്കീം ഫലപ്രദമായി നടത്തുവാനും. നെതർലാൻറ് ഗവൺമെൻറിന്റെ സാമ്പത്തിക സഹായം നേടുന്നതിനുവേണ്ടി ഈ പദ്ധതി നെതർലാൻറ് ഗവൺമെൻറ് നടത്തിയപ്പോൾ അവർ രണ്ട് തവണ കുട്ടനാടൻ പ്രദേശങ്ങൾ ചുറ്റിത്തിരിഞ്ഞ് കാണുകയുണ്ടായി. അതിനുശേഷം അവർ കൊടുത്ത അപ്രൈസ്സലിൽ പറഞ്ഞിരിക്കുന്നത് വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്നതുകൊണ്ടു മാത്രം കുട്ടനാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയില്ല. അങ്ങനെ ശുദ്ധജലവിതരണം കൊണ്ടുമാത്രം തീരാവുന്ന പ്രശ്നമല്ല കുട്ടനാടിനേറത്. അതിന് സമഗ്രമായ ഒരു വികസനപദ്ധതി തന്നെ ഇതിനുവേണ്ടി നടപ്പാക്കണം. അങ്ങനെ നടപ്പാക്കുവാൻ ഗവൺമെൻറ് തയ്യാറാകുകയാണെങ്കിൽ അവർ ഒരു പ്രോജക്ട് തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ഏതാണ്ട് 276 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതിയാണ് അവർ ഗവൺമെൻറിന് സമർപ്പിച്ചത്. ആ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ 116 കോടി രൂപ നെതർലാൻറ് ഗവൺമെൻറ് ഇതിനുവേണ്ടി തരാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ആ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി വാട്ടർ ബാലൻസ് സ്റ്റഡി നടത്തണമെന്നും സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണം ഈ പ്രോജക്ട് നടപ്പിലാക്കുവാൻ എന്നും അവർ പറയുകയുണ്ടായി. 1982-ലാണ് അവസാനത്തെ റിപ്പോർട്ട് അവർ നൽകിയിട്ടുള്ളത്. എന്നാൽ അവർ നിർദ്ദേശിച്ച പ്രകാരം ഒരു വലിയ തുക 116 കോടി രൂപ ഈ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി ലഭിക്കാൻ സാദ്ധ്യതയുണ്ടായിട്ടുപോലും കഴിഞ്ഞ മൂന്ന് വർഷമായി ആ വാട്ടർ ബാലൻസ് സ്റ്റഡി നടത്തുവാനോ അതിനുള്ള നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അവരുടെ സഹായം നമുക്ക് നേടുവാൻ കഴിഞ്ഞിട്ടില്ല. 116 കോടിരൂപ വാട്ടർ ബാലൻസ് സ്റ്റഡി നടത്തി നമുക്ക് ലഭിച്ചാൽ പോലും. ബാക്കിയുള്ള 160 കോടിരൂപ ഈ പ്രോജക്ടിനുവേണ്ടി നാം എങ്ങനെ സ്വരൂപിക്കും എന്ന് ഇതുവരെ പഠിച്ചിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ ഗവൺമെൻറ് ആ 116 കോടി രൂപ ഈ പ്രദേശത്തിനു മാത്രമായി നീക്കിവയ്ക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ചും ഗവൺമെൻറ് പഠിച്ചിട്ടില്ല. ഈ പ്രോജക്ട് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന്—നബാർഡ്, വേൾഡ് ബാങ്ക് തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽനിന്ന് പണം എങ്ങനെ ലഭിക്കാൻ കഴിയും, അങ്ങനെ പണം സ്വരൂപിച്ചുകൊണ്ട് ഈ പ്രോജക്ടിന്, പ്രോജക്ട് എങ്ങനെ നടപ്പാക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് പഠിക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടില്ലായെന്നുള്ളത് നിർഭാഗ്യകരമായ ഒരു സ്ഥിതി വിശേഷമാണ്. അത്രവലിയ ഒരു പ്രോജക്ട് ഗവൺമെൻറിന്റെ കൈയിൽ മൂന്നുവർഷമായി ഇരുന്നിട്ടും അതിന്റെ പ്രായോഗികമായ നടത്തിപ്പിനെപ്പറ്റിയാതൊന്നുംതന്നെ ചർച്ചചെയ്യാനോ എന്തെങ്കിലും നടപ്പാക്കാനോ ഗവൺമെൻറ് തയ്യാറായില്ല. ഇനിയെങ്കിലും സമയം വൈകാതെ ഇത് നടപ്പാക്കാൻ ഉള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അടുത്തകാലത്ത് വെള്ളപ്പൊക്കം ഉണ്ടായപ്പോൾ കേന്ദ്ര പ്ലാനിംഗ് സഹമന്ത്രി ശ്രീ. കെ. ആർ. നാരായണൻ കുട്ടനാട് സന്ദർശിച്ചു അതിനു ശേഷം അദ്ദേഹം പരസ്യമായി ആലപ്പുഴയിൻ പത്രസമ്മേളനം നടത്തിയപ്പോൾ പറഞ്ഞു കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിറ്റി രൂപീകരിക്കേണ്ടതാണ്, അതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് ഏതെങ്കിലും പ്രോജക്ട് തന്നാൽ തീർച്ചയായും കേന്ദ്രഗവൺമെൻറ് അത് പരിഗണിക്കുകയും അംഗീകരിച്ച് അതിനാവശ്യമായ സഹായം എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാം എന്ന്. മറ്റ് പല ആളുകളു

LIBRARY ARCHIVES Kerala Legislative Assembly

ഇതേ അഭിപ്രായം പറയുകയുണ്ടായി. അടുത്ത കാലത്ത് ശ്രീ. കെ. ആർ. നാരായണൻ ആ പ്രസ്താവന ചെയ്തതിനെ തുടർന്ന് അത് നടക്കുമോ എന്നറിയാൻവേണ്ടി ഞാനും പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരും ഡൽഹിയിൽ പോയി ഇതിനെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. ഇവിടെനിന്ന് ഒരു പ്രോജക്ട് സമർപ്പിച്ചാൽ സംസ്ഥാനത്തിന് എന്ത് ചെയ്യാൻ കഴിയും, എത്ര ശതമാനം ചിലവഴിക്കാൻ കഴിയും, ബാക്കി എത്ര ശതമാനം മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായി വരും എന്നുള്ളതിനെക്കുറിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് കൊടുത്താൽ അത് നടപ്പാക്കാൻ അവർ സന്നദ്ധമാണ് എന്ന് നേരിട്ട് പറയുകയുണ്ടായി. അതിനുള്ള പ്രാഥമിക നടപടികൾപോലും ഇതുവരെ എടുത്തിട്ടില്ല എന്നുള്ളതാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്".

സർ, ഒരു ഡവലപ്പ്മെൻറ് അതോറിട്ടിയുണ്ടായാൽ കുട്ടനാടിൻെറ എല്ലാ പ്രശ്നവും പരിഹരിക്കപ്പെടുമെന്നുള്ള ആശയത്തിലല്ല, അത് ഏത് രൂപത്തിൽ നടക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും അതിൻെറ വിജയവും നടത്തിപ്പും. ഇവിടെ പല ഡവലപ്പ്മെൻറ് അതോറിട്ടികളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി ഡവലപ്പ്മെൻറ് അതോറിട്ടിയും പാലക്കാട് ഡവലപ്പ്മെൻറ് അതോറിട്ടിയുമുണ്ട്. ബഹുമാനപ്പെട്ട ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രി, മന്ത്രിയായതിനു തുടർന്ന് പാലക്കാട് ഡവലപ്പ്മെൻറ് അതോറിട്ടി വന്നു. ഒന്നും നടന്നില്ല. അങ്ങനെയല്ല, ഒന്നുകിൽ ടി. ഡി. അതോറിട്ടിയെ പോലെയോ അല്ലെങ്കിൽ ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിട്ടിയെ പോലെയോ.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, തെറ്റായ ധാരണ ഉണ്ടാകാൻ പാടില്ല. ഡവലപ്പ്മെൻറ് അതോറിട്ടിയെന്ന് പറയുന്നത്, ഒരു സ്ഥലത്ത് ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം മുനിസിപ്പാലിറ്റിക്ക് തൊട്ടുകിടക്കുന്ന പഞ്ചായത്തുകളെ ഡവലപ്പ്മെൻറ് അതോറിട്ടിയിലേക്ക് ചേർക്കുന്നതിനുമാത്രമേ ഡവലപ്പ്മെൻറ് അതോറിട്ടിയുള്ളൂ. അത്തരം കാര്യങ്ങൾ കുട്ടനാട്ടിൽ ഉണ്ടെങ്കിൽ അവിടെ ഡവലപ്പ്മെൻറ് അതോറിട്ടി രൂപീകരിക്കാവുന്നതാണ്; അല്ലെങ്കിൽ സാദ്ധ്യമല്ല.

ശ്രീ. ബേബിജോൺ: സർ, കുട്ടനാട് ഡവലപ്പ്മെൻറ് അതോറിട്ടി എന്ന് പറഞ്ഞ് പ്രത്യേകമായി ഒരു അതോറിട്ടി കുട്ടനാടിൻെറ ടോട്ടൽ ഡവലപ്പ്മെൻറിനുവേണ്ടി ഉണ്ടാക്കണം.

ഡോ. കെ. സി. ജോസഫ്: സർ, ഞാൻ പറഞ്ഞത് അതുപോലെ ഒരെണ്ണം പ്രഖ്യാപിച്ചിട്ട് പ്രായോഗികമായി നടപ്പിൽ വരാതിരുന്നിട്ട് കാര്യമില്ല എന്നാണ്. അത് പ്രായോഗികമായി നടപ്പിലാക്കത്തക്കവിധത്തിൽ വിപുലമായ രീതിയിൽ പ്രർത്തിക്കത്തക്ക തരത്തിലുള്ള രൂപഘടനയോടുകൂടി അത് നടപ്പിലാക്കണം. അതിനുള്ള ഫിനാൻഷ്യൽ റിസോഴ്സസ് കണ്ടുപിടിച്ചുകൊണ്ടുവേണം നടപ്പിലാക്കാൻ. ടി. ഡി. അതോറിട്ടിയെ പോലെയോ ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിട്ടിയെ പോലെയോ ഉള്ള അതോറിട്ടിയിൽ ശ്രീ. സി. തോമസ് ശുപാർശ ചെയ്തിട്ടുള്ള

(1) Development of Agriculture, Animal Husbandry, Dairying and Poultry.

(2) Development of communication facilities in Kuttanad including Inland Navigation.

LIBRARY ARCHIVES Kerala Legislative Assembly

(3) Extension of Electricity.

(4) Adoption of Flood control measures.

(5) Development of Industries and promotion of Tourism.

ആരോഗ്യപ്രശ്നവും അതുപോലെതന്നെ പ്രധാനപ്പെട്ടതാണ്. ശ്രീ. തോമസ് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് ആദ്യത്തെ സ്റ്റേജായി തോട്ടപ്പിള്ളി സ്പിൽവേയും തണ്ണീർമുക്കം സാൾട്ട് വാട്ടർ വേരിയറും ഉണ്ടായതിനുശേഷം.

(1) Construction of permanent bunds with appurtenant works.

(2) Improvements to the approach channel leading to the Thottappally Spill-way.

(3) Protective works to the bunds of fields affected by the operation of the Spill-way gates.

(4) Works connected with the diversion of Idukki tail race waters, from the Muvattupuzha River.

ഇത് സെക്കൻഡ് സ്റ്റേജായിട്ട് നടപ്പിലാക്കണമെന്നാണ് പറഞ്ഞിരുന്നത്. ഒന്നും ആയിട്ടില്ല എന്നുമാത്രമല്ല, കെ. എൽ. ഡി. സി. മുഖേന പാടശേഖരങ്ങളുടെ പെർമനന്റ് ബണ്ട് നിർമ്മിക്കാനുള്ള ഒരു നടപടിയാണ് അന്ന് ഉണ്ടായത്. അത് ഇന്ന് വളരെ കനത്ത ബാദ്ധ്യതയായി നെൽ കൃഷിക്കാരുടെ മേൽ വന്നിരിക്കുന്നു. നെൽപ്പാടങ്ങളുടെ വിലയേക്കാൾ വലിയ ഒരു തുകയ്ക്ക് ഇന്ന് നെൽക്കൃഷിക്കാർ ബാദ്ധ്യതപ്പെട്ടിരിക്കുന്നു. കൃഷി ചെയ്യാനുള്ള ബേസിക് നീഡ്സ് ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ കർത്തവ്യമാണ്. അതിനുവേണ്ടിയാണ് കല്ലടയെപ്പോലെയുള്ള വിപുലമായ പദ്ധതികളും ഗവൺമെന്റ് മുതൽ മുടക്കി പണിത്, ജനങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കാനുള്ള നടപടികളും സ്വീകരിക്കുന്നത്. അതിന് ഡാം പണിയുന്നതിനുള്ള മുഴുവൻ ചെലവ് അതിന്റെ ഉപഭോക്താക്കളല്ല കൊടുക്കുന്നത്. അതുപോലെതന്നെ അവിടെ കൃഷിചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യം ചെയ്തു കൊടുക്കുകയാണ്. പെർമനന്റ് ബണ്ട് പ്രൊട്ടക്ഷൻ, ഡി-വാട്ടറിംഗ് ഇതൊക്കെ അടിസ്ഥാനപരമായ കാര്യങ്ങളാണ്. അതിനുള്ള ചെലവ് മുഴുവൻ കൃഷിക്കാരിൽനിന്ന് ഈടാക്കാനുള്ള നടപടി തെറ്റാണ്, അധാർമ്മികവുമാണ്. അതിന്റെ മുഴുവൻ ചെലവും ഗവൺമെന്റ് വഹിക്കേണ്ടതാണ്.

ഇന്ന് ആരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി എന്താണ്? കുട്ടനാട് താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ വെറും രണ്ട് ഡോക്ടർമാരാണുള്ളത്. കേരളത്തിലെ ഏതെങ്കിലും താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി വകുപ്പുകൾ ഇല്ലാത്തതായിട്ടുണ്ടോ? ആകെ അഞ്ച് പോസ്റ്റുകളുള്ളതിൽ ഇപ്പോൾ രണ്ട് ഡോക്ടർമാർ മാത്രമേ ഉള്ളൂ. ആശുപത്രികളിലെങ്കിലും ഡോക്ടർമാരില്ല. ആ നിലയിൽ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങളും നന്നായി നടത്താൻ കഴിയുന്നില്ല. വാട്ടർ സപ്ലൈ സ്കീമിന്റെ കാര്യം ഞാൻ കഴിഞ്ഞ പ്രാവശ്യം ഇവിടെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ പറഞ്ഞതാണ്. കമ്മ്യൂണിക്കേഷൻസ് ഫെസിലിറ്റീസ് പ്രധാനമായ ഒരു കാര്യമാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, 1981 ആദ്യം 110 കോടി രൂപയുടെ ഒരു സ്കീം സെൻട്രൽ ഗവൺമെന്റ് ആവശ്യപ്പെട്ടതാണ്. അന്ന് ഡോക്ടർ സ്വാമിനാഥനായിരുന്നു പ്ലാനിംഗ് കമ്മീഷന്റെ വൈസ്ചെയർമാൻ.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടുത്തെ ഗവൺമെന്റ് പ്രോജക്ട് ഉണ്ടാക്കി. അതിന് ഒരു ഉദ്യോഗസ്ഥനെ വച്ചു; മാത്യു കുര്യന് പൈസ കൊടുത്ത് ശരിയാക്കി. അത് സെൻട്രൽ ഗവൺമെന്റിന് അയച്ചിട്ടുണ്ട്. അത് ഫോളോ ചെയ്തിട്ടില്ല. അതാണ് ഇതിലുള്ള ബുദ്ധിമുട്ട്. നെതർലൻഡിൽ നിന്നും ഇവിടെ ആളുകൾ വന്ന്, നോക്കുകയും കുട്ടനാട് മുഴുവൻ പരിശോധിക്കുകയും അവരുടെ സ്കീം അനുസരിച്ച് ആലപ്പുഴയ്ക്ക് ഒരു സ്പീവറേജ് സ്കീം തയ്യാറാക്കുകയും ചെയ്തു. ഇത് രണ്ടും കൂടി ചേർത്ത് അതിന്റെ ഡവലപ്പ്മെന്റ് എന്നു പറഞ്ഞുകൊണ്ട് 35 കോടി രൂപയുടെ സ്കീം അയച്ചിട്ടുണ്ട്. അത് ഫോളോ അപ്പ് ചെയ്യണം. ഫോളോ അപ്പ് ചെയ്തെങ്കിലെ കാര്യം നടക്കുകയുള്ളൂ.

ഡോക്ടർ കെ. സി. ജോസഫ്: സർ, 110 കോടി രൂപയുടെ പ്രോജക്ട് കൊടുത്തിട്ടുള്ളത് നല്ലകാര്യമാണ്. അത് ഫോളോ അപ്പ് ചെയ്യേണ്ടതാണ്. പക്ഷേ അതുകൊണ്ട് പ്രശ്നം തീർന്നുവെന്ന അഭിപ്രായം എനിക്കില്ല. ഒരു ചെറിയ ഭാഗം മാത്രമേ ആ സ്കീമിൽ വരുന്നുള്ളൂ. കുട്ടനാടിന് സഹായകരമായ കാര്യമല്ല അതിലുള്ളത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ആശുപത്രിക്കും വ്യവസായത്തിനും ബണ്ട് ശരിയാക്കലിനും അതിനെന്തായിട്ടുള്ള ഡവലപ്പ്മെന്റ് ഉണ്ട്. കുട്ടനാട് മനോഹരമാക്കാൻ കൂടിയുള്ള ഒരു സ്കീമുണ്ട്. ഞാൻ അത് വായിച്ചു കഴിഞ്ഞ് അയച്ചതാണ്.

ഡോക്ടർ കെ. സി. ജോസഫ്: ബഹുമാനപ്പെട്ട ഗൗരിയമ്മ വായിക്കാതെ ആണ് അയച്ചത് എന്ന് ഞാൻ പറഞ്ഞില്ല. എനിക്ക് അങ്ങനെ ഒരു അഭിപ്രായവും ഇല്ല. 110 കോടി രൂപ ലീഡിംഗ് ചാനലിനുണ്ട്. ആ ലീഡിംഗ് ചാനലിന്റെ വീതി കൂട്ടേണ്ടതാണ്. ആഴവും കൂട്ടേണ്ടതാണ്. അതൊന്നും 110 കോടി രൂപയിൽ ഒതുങ്ങുകയില്ല. അതിൽ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഞാൻ പറഞ്ഞുകൊണ്ടുവന്നത് കമ്മ്യൂണിക്കേഷൻ ഫെസിലിറ്റീസിന്റെ കാര്യമാണ്. കുട്ടനാട്ടിലെ റോഡിന്റെ പണി തുടങ്ങിയിട്ട് എത്രയോ കാലമായി. പാലങ്ങളുടെ പണി തുടങ്ങിയിട്ട് എത്രയോ കാലമായി കുട്ടനാടിന്റെ വികസനത്തിൽ ഗതാഗതത്തിനുള്ള സൗകര്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഈ റോഡ് കംപ്ലീറ്റ് ചെയ്യണം, കിടങ്ങറ പാലം പൂർത്തീകരിച്ചു, നെടുമുടി പള്ളാത്തുരുത്തി പാലങ്ങൾ നീണ്ടവധി വർഷങ്ങളായി ഒരേ കിടപ്പിലാണ്. ഒരു ഇംപ്രൂവ്മെന്റുമില്ല. ഒന്നുകിൽ കൺസ്ട്രക്ഷൻ കോർപ്പറേഷനെ മാറ്റി പുതിയ ആരെയെങ്കിലും ഏൽപ്പിക്കണം. അതിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണം. മറ്റ് പാലങ്ങളും ഉണ്ടാകേണ്ടതുണ്ട്. തകഴിയിൽ പാലം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. പുളിങ്കുന്ന് പാലം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. മറ്റ് പാലങ്ങളും ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇവിടെ മറ്റ് പ്രദേശങ്ങളേക്കാൾ കോസ്റ്റ് കൂടുതലായിട്ട് വരും.

ഇവിടെ എം. എൽ. എ. റോഡുകൾ ഉണ്ടാക്കുന്നുണ്ട്. എം.എൽ.എ. റോഡുകൾക്ക് 20 ലക്ഷം രൂപയിൽ ഒതുക്കിക്കൊണ്ട് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കുകയുള്ളൂ. കിഴക്കൻ പ്രദേശങ്ങളിൽ 20 ലക്ഷം രൂപ കൊണ്ട് അഞ്ചും ആറും കിലോമീറ്റർ റോഡ് തീരും; അല്ലെങ്കിൽ 8 കിലോമീറ്റർ തീരും. പക്ഷേ കുട്ടനാട്ടിൽ 20 ലക്ഷം രൂപകൊണ്ട് ഒരു കിലോമീറ്റർ റോഡ് മാത്രമേ തീരുകയുള്ളൂ. അതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുകയില്ല. അവിടെ ചെലവാക്കുന്നതിന്റെ കോസ്റ്റ് കണക്കിലെടുത്തുകൊണ്ടു വേണം കാര്യങ്ങൾ തീരുമാനിക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവികസനത്തിന് പ്രായോഗികമായിട്ടുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണം. നെല്ലുല്പാദനത്തിൽ നിന്ന് അവർ പുറകോട്ടുപോയാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുകയില്ല. ഉൽപ്പാദനച്ചെലവിന് അനുസരണമായ പ്രതിഫലം അവർക്ക് കിട്ടുന്നില്ല. അതുകൊണ്ട് സ്വാഭാവികമായും അവർ കൃഷിയിൽ നിന്ന് മാറും. അവർക്ക് നിലനിൽക്കത്തക്കവണ്ണമുള്ള കാർഷിക വികസനം ഉണ്ടാകേണ്ടതുണ്ട്. മറ്റ് സൗകര്യങ്ങളും അവർക്ക് ചെയ്തുകൊടുക്കണം. ഈ സൗകര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ച് വിപുലമായ ഒരു പദ്ധതിയാണ് ഉണ്ടാകേണ്ടത്. അതിന് സത്വരമായ നടപടി സ്വീകരിക്കണം. അതിന് ആരംഭം ഇട്ട് ഒരു നിശ്ചിത കാലയളവിനുള്ളിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് ഉറപ്പ് വരുത്തുകയും വേണം. ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഒരു പിന്നോക്ക പ്രദേശമായ കുട്ടനാടിന്റെ പുരോഗതിക്കുവേണ്ടി കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന് ഡോക്ടർ കെ. സി. ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കാർത്തികപ്പള്ളി മുതൽ വൈക്കം വരെയുള്ള വളരെ വിസ്തൃതമായി കിടക്കുന്ന കുട്ടനാട് മേഖലയെ സംബന്ധിച്ചും അവിടുത്തെ ഭൂമിശാസ്ത്രപരമായ പ്രവർത്തനങ്ങളും, ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും ഇതിനെക്കുറിച്ചെല്ലാം വളരെ വിശദമായി ഡോക്ടർ കെ. സി. ജോസഫ് പറഞ്ഞുകഴിഞ്ഞു. കുട്ടനാട് എന്നു പറഞ്ഞുകഴിയുമ്പോൾ, കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം ഇങ്ങനെയുള്ള പ്രദേശങ്ങളിൽ കൂടുതലും വടക്കൻ കുട്ടനാട് പ്രദേശം അവഗണിക്കപ്പെടുന്നു എന്ന് അവിടെയുള്ള കൃഷിക്കാർക്ക് പരാതിയുണ്ട്.

സർ, കുട്ടനാടൻ മേഖലയിലേക്ക് വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമായാലും അത് ആലപ്പുഴയുമായി ബന്ധപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിൽ ലഭ്യമാകുന്നില്ലായെന്ന് അവിടത്തെ കൃഷിക്കാർ വേദനയോടുകൂടി പറയുന്നു. എന്തായാലും കുട്ടനാട്ടിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നമ്മുടെ പ്രധാനമന്ത്രി ബോട്ടിൽകൂടി രണ്ടര മണിക്കൂർ സഞ്ചരിച്ചു ഏകദേശം മനസ്സിലാക്കിയതിൽ സന്തോഷിക്കുന്നു. പണ്ട് റബ്ബറിന് വില നിശ്ചയിക്കുന്നത് മദിരാശിയിൽ ഇരുന്നുകൊണ്ടായിരുന്നു. ആ സമ്പ്രദായം അവസാനിപ്പിച്ച് കേരളത്തിൽ വന്ന് റബ്ബർ കൃഷിയെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കിയതുപോലെ കുട്ടനാടിനെ സംബന്ധിച്ചുള്ള പ്രത്യേകതകൾ രാജീവ്ഗാന്ധി തന്നെ നേരിട്ടു വന്നു കണ്ടു ബോദ്ധ്യപ്പെട്ടു. കുട്ടനാട്ടിൽ ഉള്ള ആളുകളിൽ ഭൂരിപക്ഷവും കൃഷിത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും സാധാരണക്കാരുമാണ്. പണ്ട് കായൽ രാജാവായിരുന്ന മൂരിക്കൻ, ചിത്തിര, മാർത്താണ്ഡം, റാണി തുടങ്ങിയ പാടശേഖരങ്ങൾ ബണ്ട് മൂലം സംരക്ഷിച്ചു കൃഷി ചെയ്യാമെന്ന് തെളിയിച്ചുകൊടുത്തു. മിച്ചഭൂമി പ്രശ്നം വന്നു കഴിഞ്ഞപ്പോൾ ആ പാടശേഖരങ്ങൾ തിരിച്ചെടുത്തു. ഇന്ന് കുട്ടനാടൻ പാടശേഖരങ്ങളെ സംരക്ഷിക്കാൻവേണ്ടി കെ. എൽ. ഡി. സി.-യിൽ നിന്നു സഹായം നൽകി ബണ്ട് നിർമ്മിച്ചിട്ടുണ്ട്. പക്ഷേ നെല്ലിന്റെ വില കുറയുകയും കൃഷിച്ചെലവ് വർദ്ധിക്കുകയും ചെയ്തതിന്റെ ഫലമായി ഈ ബണ്ടിനു വേണ്ടി ചെലവഴിച്ച തുക കൃഷിക്കാരിൽ നിന്നും ഈടാക്കാൻ സാധിച്ചിട്ടില്ല. അടുത്ത കാലത്തൊന്നും സാധിക്കുകയുമില്ല. അതുകൊണ്ട് കെ. എൽ. ഡി. സി. യിൽ നിന്നും എടുത്ത വായ്പ പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

എഴുതി തള്ളേണ്ടതു് ഈ ഗവൺമെൻറിൻെറ ഒരാവശ്യമാണു്. കുട്ടനാടിൻെറ പ്രത്യേകത വച്ചുകൊണ്ടു് പരേതനായ ശ്രീ. കെ. എം. കോര അവിടെ ചക്കാം കൃഷി ചെയ്യാൻ പറ്റുമോ എന്നു് ഒരിക്കൽ പരീക്ഷിച്ചു നോക്കിയതാണു്. ഇപ്പോഴും നെൽക്കൃഷി നഷ്ടത്തിലായതുകൊണ്ടു് അവിടെ തെങ്ങു് തുടങ്ങിയ മറ്റു് കൃഷികളും ചെയ്യാൻ ആളുകളും മുന്നോട്ടു വരുമ്പോൾ കെ. എൽ. യു. ആക്ടു് അനുസരിച്ചു് അതിനു് ബുദ്ധിമുട്ടുണ്ടു്. നെൽക്കൃഷി ചെയ്യുന്നതോടൊപ്പം തന്നെ ഗവൺമെൻറു് അനുമതി നൽകുകയാണെങ്കിൽ നെൽകൃഷി ലാഭകരമല്ലാത്ത മറ്റു് പ്രദേശങ്ങളിൽ ആളുകൾ സമൃദ്ധമായി തെങ്ങു് കൃഷി ചെയ്യും. അതിൽ നിന്നു അവർക്കു് ആദായം കിട്ടും. ഇന്നു് കളളുൽപ്പാദനത്തിനു് പ്രയാസപ്പെടുന്ന നമ്മുടെ സംസ്ഥാനത്തിനു് ആവശ്യത്തിനു് കളളു് നൽകുന്നതിനും ഇതു സഹായിക്കും.

സർ, ചെറുക്കുടിലുകളിൽ താമസിക്കുന്ന സാധാരണക്കാരായ ആളുകൾക്കു്, ഓരോ വർഷവും അവരുടെ വീടുകൾ രൂക്ഷമായ വെള്ളപ്പൊക്കവും കൊടുങ്കാറ്റും മൂലം നശിച്ചു പോകുന്നു. ഇത്തവണയുണ്ടായ വെള്ളപൊക്കത്തിലും അവർക്കു് വീടുകൾ നശിച്ചു. ഇങ്ങനെ വീടുകൾ നശിച്ചു പോയവർക്കുവേണ്ടി ഒരു ലക്ഷം വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതാണെന്നു് റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഇങ്ങനെ വീടു് നശിച്ചവരിൽ കൂടുതലും കുർത്തികപ്പള്ളി മുതൽ വൈക്കം വരെയുള്ള പടിഞ്ഞാറൻ ഭാഗങ്ങളിൽ ഉള്ളവരാണു്. അതുപോലെ തന്നെ കുടിവെള്ളത്തിൻെറ പ്രശ്നം, ചികിൽസാസൗകര്യങ്ങൾ, സഞ്ചാരസൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യണം. എന്തായാലും പണ്ടുണ്ടായിരുന്ന കൃഷിവകുപ്പു മന്ത്രിമാർ അതിനു ശ്രമിച്ചിരുന്നു. ഇപ്പോൾ ശ്രീ. എ. എൽ. ജേക്കബും കേരളീയനായ പ്ലാനിംഗ് വകുപ്പുമന്ത്രി ശ്രീ. കെ. ആർ. നാരായണൻ ഉൾപ്പെടെയുള്ളവർ സഹകരിച്ചു് കുട്ടനാട്ടിൽ ഒരു വികസന അതോറിറ്റി രൂപീകരിച്ചു് കുട്ടനാട്ടിലെ കർഷകരെയും കൃഷിത്തൊഴിലാളികളെയും മൽസ്യത്തൊഴിലാളികളെയും ഈ പ്രദേശത്തെയും രക്ഷിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. തോമസു് (കടുത്തുരുത്തി): സർ, ഒരു പിന്നോക്ക പ്രദേശമായ കുട്ടനാടിൻെറ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുവേണ്ടി ഒരു ഡെവലപ്മെൻറു് അതോറിറ്റി രൂപീകരിച്ചു വികസനപ്രവർത്തനങ്ങൾ നടത്തണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടു് ഡോ. കെ. സി. ജോസഫു് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. വിവിധ താലൂക്കുകളിൽപ്പെട്ട വിസ്തൃതമായി കിടക്കുന്ന ഒരു പ്രദേശമാണിതു്. എൻെറ നിയോജകമണ്ഡലത്തിൻെറ പടിഞ്ഞാറൻ ഭാഗവും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. മറ്റു് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ കുട്ടനാടൻ പ്രദേശങ്ങൾക്കു് പല പ്രത്യേകതകളും ഉണ്ടു്. ഈ പ്രദേശത്തു് അധിവസിക്കുന്നവർ ചെറുകിട–ഇടത്തര–വൻകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും ആണു്. വർഷങ്ങളായി കാർഷികവൃത്തിയിലേർപ്പെട്ടു സാമ്പത്തികമായി യാതൊരു പുരോഗതിയുമില്ലാതെ കഷ്ടപ്പെടുന്നവരാണു് ഈ പ്രദേശത്തു് അധിവസിക്കുന്നവർ. ഈ പ്രദേശത്തെ കൃഷിക്കാരുടെ പ്രധാനകൃഷി നെൽക്കൃഷിയാണു്. കൂടാതെ തെങ്ങും. ഇവർ ആത്മാർത്ഥമായി നെൽക്കൃഷിചെയ്തില്ലെങ്കിൽ ഈ പ്രദേശത്തു് ഭക്ഷ്യധാന്യ ഔർലഭ്യം എത്രമാത്രം രൂക്ഷമായിരിക്കുമെന്നു ചിന്തിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

രാജാക്കൻമാരുടെ കാലം മുതൽ തന്നെ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ ഒരു നിശ്ചിത അളവ് ഒരു നിശ്ചിത വിലയ്ക്ക് നിർബന്ധമായും നൽകണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിരുന്നു. ഇന്നും ആ വ്യവസ്ഥയുണ്ട്. അങ്ങനെ നഷ്ടപ്പെട്ടും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഗവൺമെന്റ് ഉത്തരവനുസരിച്ച് പോരുന്നവരാണ് ഇവർ. ഈ സംസ്ഥാനത്തെ ആളുകളെ ക്ഷേ്യക്ഷാമത്തിൽ നിന്നും രക്ഷിക്കുവാൻ സ്തുത്യർഹമായ രീതിയിൽ അവരുടെ കടമ നിർവഹിച്ചുകൊണ്ട് നിരന്തരമായി കഷ്ടപ്പെടുന്ന ആളുകളാണ് ഈ പ്രദേശത്ത് അധിവസിക്കുന്നവർ. അടിസ്ഥാനാവശ്യങ്ങൾ പോലും നിർവഹിക്കാൻ സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന ഈ പ്രദേശത്തെ ആളുകൾക്ക് ഈ ആവശ്യങ്ങൾ ലഭ്യമാക്കത്തക്ക വിധം സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ഉത്തരവാദിത്വമുള്ള ഗവൺമെന്റിന്റെ കടമയാണ്. ആ ഉത്തരവാദിത്വവും ചുമതലയും ഇന്നുവരെ നിറവേറ്റുവാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഈ കഴിഞ്ഞ രണ്ട് മൂന്നു വർഷങ്ങളായി നിയമസഭ സമ്മേളിക്കുമ്പോൾ കുട്ടനാട്ടിലെ കർഷകർ അവരുടെ ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റിന്റെ പടികൾ എത്രയോ പ്രാവശ്യം വന്നിട്ടുണ്ട്. അവരുടെ പ്രതിനിധികൾ എന്ന നിലയിൽ ഞങ്ങളും അവരുടെ സംഘടനാപ്രതിനിധികളും അവരുടെ ആവശ്യങ്ങൾ പലവട്ടം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഉന്നയിച്ച ആവശ്യങ്ങൾ ഒന്നും തന്നെ സാധിച്ചിട്ടില്ല. നിരന്തരമായ അവഗണനമൂലം നിരാശയിൽ കഴിയുന്ന ആളുകളാണ് ഈ പ്രദേശത്ത്. ഇവർക്കു അൽപ്പം ആശ്വാസം പകർന്നുകൊടുക്കുകയെന്നുള്ളത് കേവലം ഒരു മര്യാദ മാത്രമാണ്. ഈ പ്രദേശത്തെ ആളുകൾക്ക് നിഷേധിക്കപ്പെട്ട അവകാശങ്ങൾ എത്രയും പെട്ടെന്ന് സാധിച്ചുകൊടുക്കുന്നതിന് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്നാണ് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുന്നത്. നെൽകൃഷിയെക്കാൾ ഇവിടെ ചെമ്മീൻകൃഷിയാണ് വളരെ ആദായകരം എന്ന വിദഗ്ദ്ധാഭിപ്രായം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. പല തവണ അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ട്. ചെമ്മീൻ കൃഷി ചെയ്യുമ്പോൾ രാജ്യത്തെ ജനങ്ങൾക്കാവശ്യമായ അരി എങ്ങനെ ഉൽപാദിപ്പിക്കുവാൻ കഴിയുമെന്ന കാര്യം ബഹു. വകുപ്പുമന്ത്രി ചിന്തിക്കേണ്ടതാണ്. ഈ രാജ്യത്തെ ജനങ്ങളുടെ ക്ഷേ്യ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം ഉണ്ടാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന ഈ കർഷകർക്ക് ഇന്ന് സഞ്ചാര സൗകര്യമില്ല, ചികിൽസാ സൗകര്യമില്ല അങ്ങനെ പലതും. അവരുടെ അടിസ്ഥാനാവശ്യങ്ങളിൽപ്പെട്ട കുടിവെള്ളം പോലും വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് ലഭ്യമല്ല. അവർക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതിന് സത്വരമായ നടപടികളും ഇന്നുവരെ സ്വീകരിച്ചിട്ടില്ല. ഈ പ്രദേശത്തുള്ളവർക്ക് ആവശ്യമായ പ്രധാന വകുപ്പുകാര്യങ്ങൾ എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡോ. കെ. സി. ജോസഫ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാട് മേഖലയ്ക്ക് ഒരു ഡെവലപ്പ്മെന്റ് അതോറിറ്റി അനിവാര്യമാണെന്ന കാര്യത്തിൽ ഈ സഭയിൽ രണ്ട് അഭിപ്രായമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സമഗ്രമായ വികസനവും ഇന്ന് അവിടെ നിലനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾക്ക് പൂർണ്ണമായ വിരാമമിടുവാനും ഈ ഡെവലപ്മെന്റ് അതോറിറ്റിക്ക് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ വെള്ളപ്പൊക്കം മൂലമുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷം നമ്മുടെ പ്രധാന മന്ത്രി ഉടനടിയുള്ള നേതാക്കളും വന്നു കണ്ടതാണ്. കുട്ടനാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് വില കിട്ടുന്നില്ലായെന്നുള്ളത് ഒരു സത്യമാണ്. കൂലിച്ചെലവ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വെള്ളപ്പൊക്കവും അതുപോലെ തന്നെ വരൾച്ചയും മൂലം കൃഷിയിറക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷമാണ് കർഷകർ നേരിടുന്നത്.

സർ, ഇവിടെ ഡെവലപ്പ്മെന്റ് അതോറിറ്റിയുണ്ടാക്കുന്നതോടൊപ്പം തന്നെ വിളവ് വർദ്ധിപ്പിക്കാനുള്ള ഫലപ്രദമായ നടപടികളും ഇതിനോടൊപ്പം ഉണ്ടാക്കേണ്ടതും അനിവാര്യമാണ്. നമുക്കറിയാം ഇവിടെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരുന്ന ബണ്ടു നിർമ്മാണ പ്രവർത്തനങ്ങളും അവിടെ നടന്നു കൊണ്ടിരുന്നത്. എന്നാൽ കെ. എൽ. ഡി. സി.-യെ ഇതു ഏൽപ്പിച്ചതോടുകൂടി കർഷകർക്ക് അത് വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാക്കിയിരിക്കുന്നു. ഇന്ന് കെ. എൽ. ഡി. സി. മുഖേന നിർമ്മിച്ചിട്ടുള്ള ബണ്ടുകളും, ആ തുക തിരിച്ചടക്കാൻ കഴിയാത്ത കർഷകരുടെ പേരിൽ റവന്യൂ റെക്കവറി അടക്കമുള്ള നടപടികളും ഗവൺമെന്റു ഭാഗത്തുനിന്നും എടുത്തുകൊണ്ടിരിക്കുകയാണ്. കർഷകരെ സംരക്ഷിക്കേണ്ടതും ഗവൺമെന്റിന്റെ കടമയായതുകൊണ്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് മുഖേനത്തന്നെ സ്ഥിരം ബണ്ടുകളും നിർമ്മിക്കുവാനും അങ്ങനെ കർഷകരെ സംരക്ഷിക്കുവാനും നമ്മുടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനുമുള്ള ഫലപ്രദമായ നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. നെൽക്കൃഷിയിൽനിന്നും ആളുകൾ പിന്തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണിന്നുള്ളത്. നെൽപ്പാടങ്ങൾ നികത്തുകയും അവിടെ തെങ്ങ്വെയ്ക്കാനോ അല്ലെങ്കിൽ മറ്റുപയോഗങ്ങൾക്കോവേണ്ടി ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നെൽക്കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങളും നൽകുവാനും, അവരുടെ കൃഷിയെ സംരക്ഷിക്കുവാനും, അവർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കിക്കൊണ്ട് കൂടുതൽ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരാനുമുള്ള ഫലപ്രദമായ ഒരു സംവിധാനം ഉണ്ടായില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നെൽക്കൃഷിയെന്നുപറയുന്നത് പൂർണ്ണമായും ഇല്ലാതാകുന്ന ഒരു സ്ഥിതി ഉണ്ടാകും.

ഗവൺമെന്റ് പല പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കാറുണ്ട്. പമ്പിംഗ് സബ്സിഡിയുടെ കാര്യമാണെങ്കിലും വളം സബ്സിഡിയുടെ കാര്യമാണെങ്കിലും യഥാകാലങ്ങളിൽ കർഷകർക്ക് ഇത് എത്തുന്നില്ലായെന്നുള്ള ഒരു സത്യം നിലനിൽക്കുകയാണ്.

ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ശ്രീ. സി. തോമസിന്റെ തടക്കമുള്ള നിരവധി കമ്മീഷനുകളും, നിരവധി റിപ്പോർട്ടുകളും, ആ റിപ്പോർട്ടുകളും ഇന്ന് എവിടെയാണെന്ന് അറിയാൻ കഴിയാത്ത സ്ഥിതിയിലാണ്. കുട്ടനാടിന്റെ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ടിയാണ് ഒരു ഡവലപ്പ്മെന്റ് അതോറിറ്റി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടത്. നമുക്കറിയാം തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യം. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയതാണ്. അതിൽ ഉപ്പ്വെള്ളം കയറാതിരിക്കാൻ വേണ്ടിയുള്ള ഷട്ടറുകളും ഉണ്ട്. എങ്കിൽപ്പോലും ഫലപ്രദമായി

LIBRARY ARCHIVES Kerala Legislative Assembly

ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റത്തെ നിയന്ത്രിക്കാൻ കഴിയാതെ പോകുന്നു. അതുകൊണ്ട് തോട്ടപ്പള്ളി സ്പിൽവേക്കു പകരമായി ഒരു പുതിയ സ്പിൽവേ ഉണ്ടാക്കണമെന്നാണ്.

കരുവാറ്റാ ലീഡിംഗ് ചാനൽ ഗവൺമെന്റിന്റെ മുന്നിലുള്ള ഒരു കാര്യമാണ്. കരുവാറ്റാ ലീഡിംഗ് ചാനലിന്റെ ആഴവും വീതിയും കൂട്ടുക എന്നുള്ളത് ഒരു പ്രധാന കാര്യമാണ്. ഇത്രയും നാളായി അതു നടപ്പിലായിട്ടില്ല. ബഡ്ജറ്റിൽ അതിനുവേണ്ടി പലതവണ പണം നീക്കി വച്ചിട്ടുള്ളതാണ്. ഇങ്ങനെ ഓരോരോ കാര്യമായി ഞാൻ എടുത്തു പറയുന്നില്ല.

കാർത്തികപ്പള്ളി മുതൽ വൈക്കം വരെ നീണ്ടു കിടക്കുന്ന, മൂന്നു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അവരെ രക്ഷിക്കുവാനും നമ്മുടെ സംസ്ഥാനത്തെ ക്ഷ്യോദ്ധാന്യ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുമുള്ള ഒരു സമഗ്രമായ പരിപാടി ഈ കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതോടൊപ്പംതന്നെ ഉണ്ടാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കേശവൻ: സർ, ഡോ. കെ. സി. ജോസഫ് അവതരിപ്പിച്ച കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കണം എന്ന പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കണം എന്നു പറയുമ്പോൾ കുട്ടനാടിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി ഇതിനുമുമ്പു ചെയ്ത കാര്യങ്ങളെക്കുറിച്ചുകൂടി പരിശോധിക്കണമെന്ന് എനിക്കൊരപേക്ഷയുണ്ട്. ശ്രീ. സി. തോമസ് കമ്മീഷൻ റിപ്പോർട്ടായാലും അടുത്തകാലത്തെ ശ്രീ. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടായാലും, ഈ റിപ്പോർട്ടുകളൊക്കെത്തന്നെ മേടിച്ച് വയ്ക്കലല്ലാതെ അതു പരിശോധിച്ച് കുട്ടനാടിന്റെ പൊതുവായ വികസനത്തിനുവേണ്ടി എന്തൊക്കെ ചെയ്യണമെന്ന് ഗവൺമെന്റ് ആലോചിച്ചിട്ടില്ല. കുട്ടനാട് എന്നു പറയുന്നത് കാർത്തികപ്പള്ളി താലൂക്ക് മുതൽ വൈക്കം താലൂക്കിലെ തലയോലപ്പറമ്പിൽ ചെന്ന് അവസാനിക്കുന്ന 78 വില്ലേജുകൾ അടങ്ങുന്ന പ്രദേശമാണ്. ഈ 78 വില്ലേജുകൾ അടങ്ങുന്ന പ്രദേശങ്ങളിലെ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും സാധാരണ ജനങ്ങളുടേയും പുരോഗതിക്കുവേണ്ടി ചെയ്യേണ്ട കാര്യങ്ങളൊക്കെ ശ്രീ. തോമസ് കമ്മീഷൻ റിപ്പോർട്ടിലും, ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലും കാലാകാലങ്ങളിൽ ഉണ്ടാക്കി വച്ചിട്ടുണ്ട്, എന്നാൽ അതനുസരിച്ചുള്ള നടപടികളും പിൽക്കാലത്തുള്ള ഗവൺമെന്റുകളും സ്വീകരിച്ചിട്ടില്ല. 1958-ൽ ആരംഭിച്ചതാണ് തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം. 28 വർഷം കഴിഞ്ഞു. രണ്ടുഭാഗം പണി കഴിഞ്ഞിട്ടും മൂന്നാമത്തെ ഭാഗം എന്തു ചെയ്യണമെന്നതിനെക്കുറിച്ച് യാതൊരു തീരുമാനവുമില്ലാതെ ജനങ്ങൾക്ക് അതൊരു ഭാരമായി കഴിഞ്ഞിരിക്കുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യമിവിടെ പറഞ്ഞു. അതിൽകൂടി വെള്ളം പമ്പ് ചെയ്ത് അയയ്ക്കാൻ ആവശ്യമായിട്ടുള്ള ലീഡിങ് കനാൽ പണിയണം എന്ന് തീരുമാനിച്ച് കോൺട്രാക്ടർമാരെ കൊടുത്തിട്ട് പണി നടത്താതെ മാറിവച്ച അവസരങ്ങൾ ഉണ്ടായിട്ടുണ്ട്, അതാണ് അതിനെക്കുറിച്ചൊക്കെ ആലോചിക്കാനുള്ളത്. ഇത് പറയുമ്പോൾ മൊത്തത്തിൽ കുട്ടനാടിന്റെ വികസനം, വികസനം എന്ന് എപ്പോഴും പറയാറുണ്ട്, എനിക്ക് ശ്രീ. ജോസഫ് അടക്കമുള്ളവരോട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷയുള്ളത് കുട്ടനാട് എന്ന് പറയുമ്പോഴും കുട്ടനാട് താലൂക്കിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രവണതയാണുള്ളത്"; അത് ശരിയല്ലെന്നാണ്. ഞാൻ സൂചിപ്പിച്ചല്ലോ വൈക്കം താലൂക്കിലെ തലയോലപറമ്പിൽ ചെന്നവസാനിക്കുന്ന 78 വില്ലേജുകളും അടങ്ങുന്ന പ്രദേശങ്ങളാണ് ഈ കുട്ടനാട് എന്ന് പറയുന്നത്. ആ കുട്ടനാടിന്റെ പൊതുവായ വികസനം എന്നു പറയുമ്പോഴും തലയോലപറമ്പ് അടക്കമുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ എല്ലാതരത്തിലുമുള്ള പുരോഗതിക്കാവശ്യമായിട്ടുള്ള പദ്ധതികളും ആസൂത്രണം ചെയ്തത് നടപ്പിലാക്കണമെന്നുള്ളതാണ്. ഇപ്പോഴും ഈ പ്രദേശങ്ങളിൽ നാലു ലക്ഷത്തിലേറെ കർഷകത്തൊഴിലാളികളും ഉണ്ട്. ആ തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി, കുട്ടനാടിന്റെ വാട്ടർ സപ്ലൈ സ്കീം, കുട്ടനാടിന്റെ ഗതാഗത സൗകര്യം, കുട്ടനാട്ടിലെ ജനങ്ങൾക്ക് വേണ്ടിയുള്ള മറ്റു സൗകര്യങ്ങൾ, അതൊക്കെ ഉണ്ടാകണം, ഉണ്ടാകണം എന്ന് കാലാകാലങ്ങളിൽ പറയുന്നതല്ലാതെ അതിനാവശ്യമായ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ പദ്ധതിയെക്കുറിച്ച് ആലോചിക്കുമ്പോഴും ഇതിനുവേണ്ട പണം കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോഴും, അത് കേന്ദ്ര ഗവൺമെന്റ് നൽകിയാലും കൊള്ളാം സംസ്ഥാന ഗവൺമെന്റെടുത്താലും തരക്കേടില്ല. ഈ ഭൂപ്രദേശത്തിലെ മൂന്ന് ജില്ലകളിൽ ഒതുങ്ങിക്കിടക്കുന്ന ഈ കർഷകരുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും പുരോഗതിക്കാവശ്യമായ ഒരു സമഗ്ര പദ്ധതി നിശ്ചയിച്ച് ഇന്ന കാലയളവിൽ തുടങ്ങി ഇന്ന കാലയളവിൽ അവസാനിപ്പിക്കാനുള്ള ഒരു പദ്ധതിയാണ് ആവിഷ്കരിക്കേണ്ടതെന്നാണ്. അല്ലാതെ കാലാകാലങ്ങളിൽ പറയുന്നതു പോലെ കുട്ടനാടിന്റെ വികസനം വികസനം എന്ന് പറഞ്ഞുകൊണ്ട് നടക്കുന്നതിൽ കാര്യമില്ല. ഒരു നിശ്ചിത കാലയളവിനുള്ളിൽ എത്ര കോടി രൂപ ചെലവഴിക്കാൻ കഴിയുമെന്ന് കണക്കാക്കി അതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് മുമ്പോട്ട് കൊണ്ടു പോകണം. അല്ലാതെ ഈ 'കുട്ടനാട്' പ്രമേയം പാസ്സാക്കിയതുകൊണ്ട് കുട്ടനാടിന്റെ ഭൂപ്രകൃതിക്ക് മാറ്റം വരുത്താൻ സാദ്ധ്യമല്ല.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ലോക പ്രസിദ്ധനായ ഡോ. സ്വാമിനാഥൻ അദ്ദേഹത്തിന്റേതായ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. ഈ നെൽകൃഷിയിൽ മാത്രം എന്തിനാ കടിച്ചുതൂങ്ങി കിടക്കണം. കുട്ടനാട് ഒന്നാംതരം സൺഫ്ലവർ കൃഷി ചെയ്യാൻ പറ്റിയ സ്ഥലമാണെന്നദ്ദേഹം പറഞ്ഞു. നിലക്കടലകൃഷിക്ക് പറ്റിയ സ്ഥലമാണെന്ന് വിദഗ്ദ്ധൻമാർ പറയുന്നു. അങ്ങനെ പത്ത് മാസത്തിൽ കൂടുതൽ വിളവ് ആവശ്യമില്ലാത്ത കൃഷികളും ചെയ്താൽ കുട്ടനാട്ടിലെ കർഷകർക്ക് കൂടുതൽ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ പറ്റിയ പദ്ധതികളെക്കുറിച്ച് ആലോചിക്കണം. നമ്മുടെ പ്ലാനിംഗ് വിദഗ്ദ്ധൻമാരായാലും കൊള്ളാം കൃഷി ഡിപ്പാർട്ടുമെന്റിലെ വിദഗ്ദ്ധൻമാരായാലും അവരെല്ലാം തന്നെ ഈ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാതെ വല്ലപ്പോഴും കുട്ടനാട് എന്നു പറയുന്നതൊഴിച്ച് കുട്ടനാടിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കുമ്പോഴും തന്നെ ഈ പ്രമേയത്തിൽ പറയുന്ന കാര്യങ്ങളും നടപ്പിലാക്കാൻ ഫലപ്രദമായ നടപടികളും ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകളും നിർത്തുന്നു.

ശ്രീ. കെ. പി. രാമൻ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. എന്നാലും താലൂക്കുകളുടെ ഭാഗങ്ങളും ഉൾപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാടിന്റെ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുന്നതിനു വേണ്ടി യുള്ളതാണ് ഈ പ്രമേയം. കുട്ടനാടിന്റെ നാനാവിധത്തിലുള്ള അഭിവൃദ്ധിയാണ് ഉദ്ദേശിക്കുന്നതെങ്കിലും പ്രത്യേകമായി പരിഗണന കൊടുക്കേണ്ടത് കാർഷിക രംഗത്താണ്. ഇതിനെ സംബന്ധിച്ച് പ്രമേയാവതാരകൻതന്നെ വിവരിക്കുകയുണ്ടായി. 30 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയതാണ് കാർഷിക രംഗത്ത് കുട്ടനാടിനെ അഭിവൃദ്ധിപ്പെടുത്തു ന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ. 1955-ൽ കേന്ദ്രഗവൺമെന്റ് എഞ്ചിനീയർ മാരുടെ ഒരു വിദഗ്ദ്ധ സംഘത്തെ ഇതിനായി നിയോഗിക്കുകയുണ്ടായി. അങ്ങനെ ഇതുവരെയായി 15 കമ്മീഷനുകളുടെ ഒരു പരമ്പര തന്നെ അവിടെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി പഠനം നടത്താൻ വച്ചിട്ടുണ്ട്. ഇവർ സമർപ്പിച്ച റിപ്പോർട്ടുകൾ എല്ലാംതന്നെ പരിഗണിക്കാതെയാണ് 15-ാമതായിട്ടുള്ള ഒരു വിദഗ്ദ്ധ സംഘത്തെ ഏർപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെയെല്ലാം ആണെങ്കിൽ തന്നെയും കൃഷിക്കാരെ അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പംതന്നെ ഗതാഗതത്തിന്റെ കാര്യത്തിലും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. മാത്രവുമല്ല ഇവിടെയൊരു മെമ്പർ സൂചിപ്പിച്ച പോലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുട്ടനാട് സന്ദർശിച്ചപ്പോൾ നല്ല അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. ഈ കുട്ടനാടിനെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു കേന്ദ്രമാക്കി മാറ്റിയെടു ക്കുവാനും സാധിക്കുന്നതാണ്. അതുപോലെതന്നെ ഈ 15-ാമതായി ഏർപ്പെടുത്തിയ വിദഗ്ദ്ധ സംഘത്തിനോട് കുട്ടനാട് പ്രദേശത്തുകൃഷി ഇറക്കുന്നതിനെ സംബന്ധിച്ചും അവിടത്തെ മലിനീകരണം തടയുന്നതിനെ സംബന്ധിച്ചുമൊക്കെ പഠിക്കുവാനാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ കാലത്ത് ഇങ്ങനെയുള്ള വിദഗ്ദ്ധ സമിതിയെ ഏർപ്പെടുത്തിയപ്പോൾ കുട്ടനാട്ടിലെയും അതുപോലെതന്നെ തൃശ്ശൂർ, പൊന്നാനി കോൾനില ങ്ങളിലേയും കാര്യങ്ങളെ സംബന്ധിച്ച് കൂടി പഠിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ഏർപ്പെടുത്തിയ സമിതിയോട് ഈ പൊന്നാനി കോൾനിലത്തെ സംബന്ധിച്ച് ഒന്നുംതന്നെ നിർദ്ദേശിച്ചിട്ടില്ല. അപ്പോൾ ഗവൺമെന്റ് പ്രത്യേകമായി ഈ പൊന്നാനി പോലെയുള്ള കോൾനിലങ്ങളിലെ കൃഷിയെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഒരു കാര്യം കൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്. ഇതു പോലെയുള്ള കമ്മീഷനുകളും വിദഗ്ദ്ധ സമിതിയുമെല്ലാം തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ പല രോഗത്തും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ തന്നെയും ഇതൊന്നും തന്നെ പൂർത്തീകരിക്കാത്ത ഒരു സാഹചര്യം ഇന്നുണ്ട്. മാത്രവുമല്ല നമ്മുടെ സംസ്ഥാനത്ത് അവസാനമായി രൂപീകരിച്ച പല ജില്ലകളിലും പ്രാഥമിക ആവശ്യങ്ങൾ സാധിച്ചു കൊടുക്കുന്നതിനുപോലും ഇന്നു സാധിച്ചിട്ടില്ല. അങ്ങനെയുള്ള ഒരു സ്ഥിതി ഇവിടെ ഉണ്ടാകരു തെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഒന്നുകൂടി ഞാൻ അനുകൂലി ക്കുകയാണ്.

ശ്രീ. സിറിയക് ജോൺ: സർ, ഇൻഡ്യയിലെ മറ്റൊരു ഭൂവിഭാഗത്തും ഇല്ലാത്ത സവിശേഷസാഹചര്യമാണ് കുട്ടനാട്ടിലുള്ളത്. സമുദ്രനിരപ്പിൽ നിന്ന് വളരെ താഴെയുള്ള ഭൂപ്രദേശത്ത് വെള്ളം വറ്റിച്ച് കൃഷിചെയ്യു ന്നത് പ്രധാനമായിട്ടുള്ള ഒരു പ്രത്യേകതയാണ്. അവിടെ കാലാകാലങ്ങളിൽ ആയിട്ട് പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പക്ഷെ അതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

സമഗ്രമായ ഒരു വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയതല്ല. അതുകൊണ്ട് അതിന്റെതായിട്ടുള്ള ദോഷങ്ങളും അവിടെ ഉണ്ടായിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് അതിന്റെ പരിസ്ഥിതി സംരക്ഷണം, അതുപോലുള്ള നിരവധി സങ്കീർണ്ണമായിട്ടുള്ള പ്രശ്നങ്ങളും വളരെ ശാസ്ത്രീയമായിട്ടുതന്നെ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ഉള്ള ഒരു പദ്ധതിയാണ് ഈ മേഖലയെ സംബന്ധിച്ചിടത്തോളം ആവശ്യം. അതൊരു ഡവലപ്പ്മെന്റ് അതോറിറ്റിയുടെ മാത്രം പരിമിതിയിൽ വരുമോ? പക്ഷേ ഒരു ഡവലപ്പ്മെന്റ് അതോറിറ്റി ഉണ്ടാക്കുന്നത് തീർച്ചയായിട്ടും ഈ മേഖലയെ സംബന്ധിച്ച് വളരെയേറെ സഹായകരമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വിയോജിപ്പ് ഉണ്ടാകേണ്ട കാര്യമില്ല. അവിടത്തെ പ്രശ്നങ്ങളുടെ സങ്കീർണ്ണതയിലേക്ക് ഞാൻ വിശദ ചൂണ്ടുന്നില്ല. ഡോ. കെ. സി. ജോസഫ് ആ പ്രദേശത്തുകാരനാണ്. അദ്ദേഹം നേരിട്ട് അനുഭവമുള്ള ആളാണ് എന്നുള്ള നിലയിൽ അതിനെക്കുറിച്ച് വിവരിച്ചത് തീർച്ചയായിട്ടും ഉചിതമായിട്ടുണ്ട്. അവിടത്തെ ജനങ്ങൾക്ക് താൽക്കാലികമായ ആശ്വാസമെന്നുള്ള നിലയിൽ ആണ് കെ. എൽ. ഡി. സി. രൂപം കൊണ്ടത്. കെ. എൽ. ഡി. സി. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം ഒരു വിനയായി മാറിയിരിക്കുകയാണ്. അവിടെ ഔട്ടർ ബണ്ട് കെട്ടുന്നതിനുള്ള ബാദ്ധ്യത അവിടത്തെ കർഷകന്റെ തലയിൽ കെട്ടിവയ്ക്കുന്നത് ഒരിക്കലും നീതീകരിക്കത്തക്കതല്ല. നമ്മൾ കടൽഭിത്തി കെട്ടുന്നു. ആ കടൽഭിത്തികൊണ്ട് എന്തെങ്കിലും പ്രയോജനം കിട്ടുന്ന ഭൂപടമസ്ഥരിൽനിന്ന് എന്തെങ്കിലും സംഖ്യ ഈടാക്കുന്നില്ല. അതുപോലെ ഇതും രാജ്യത്തിന്റെ മൊത്തം പ്രശ്നമെന്നുള്ള നിലയിൽ തന്നെ കാണേണ്ടതാണ്. ഔട്ടർ ബണ്ട് കെട്ടുന്നതിന്റെ ബാദ്ധ്യത കൃഷിക്കാരനിൽ നിന്ന് ഒഴിവാക്കി കൊടുക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അവിടത്തെ പ്രകൃതിയുമായി പൊരുത്തപ്പെടുന്ന കൃഷി സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ കൃഷിക്കാർക്ക് പ്രോൽസാഹനം കൊടുക്കണം. അവർ ഓരപ്പെട്ട കൃഷിക്കാർ എന്നുള്ള നിലയിൽ അവരുടെ പരിമിതിയിൽ ഒതുങ്ങാത്ത ചില പ്രശ്നങ്ങളുണ്ട്. ഉദാഹരണമായി മത്സ്യക്കൃഷി, ചെമ്മീൻക്കൃഷി അതുപോലുള്ള മറ്റു മത്സ്യങ്ങൾ വളർത്തുന്നതിന് അനുയോജ്യമായ പരിതസ്ഥിതിയാണ് അവിടെ ഉള്ളത്. ഇപ്പോഴത്തെ ജലമലിനീകരണം, അവിടെ ഉണ്ടാക്കിയിരിക്കുന്ന ചില ഭ്രാന്തൻപരിഷ്കാരങ്ങളുടെ ഫലമായിട്ട് ഉണ്ടായതാണ്. നേരെമറിച്ച് അതൊക്കെ ശാസ്ത്രീയമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതിക്കു രൂപം കൊടുത്തിരുന്നുവെങ്കിൽ അവിടത്തെ ചെമ്മീൻക്കൃഷിയും മറ്റു മത്സ്യക്കൃഷിയുമൊക്കെ വളരെ ആദായകരമായ രീതിയിൽ കൊണ്ടുപോകാനും നമ്മുടെ സംസ്ഥാനത്തെ ഖജനാവിന് വളരെയേറെ മുതൽക്കൂട്ടുണ്ടാക്കാനും കഴിയുന്ന തരത്തിൽ ഒരു പദ്ധതി ആയിട്ട് ആ കൃഷിയെ രൂപാന്തരപ്പെടുത്താൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

സർ, ഇപ്പോൾ അവിടത്തെ കൃഷിയെ സംബന്ധിച്ചിടത്തോളം പുഞ്ച സ്പെഷ്യൽ ആഫീസറുമായി ബന്ധപ്പെട്ടാണ് അവിടത്തെ കൃഷിക്കാർ കൃഷി നടത്തുന്നത്. നേരത്തെ ഇവിടെ സംസാരിച്ചവരൊക്കെ പറഞ്ഞു, കുട്ടനാട് എന്നു പറയുന്നത് കുട്ടനാട് താലൂക്ക് മാത്രമല്ല, തലയോലപ്പറമ്പുവരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് എന്ന്. തലയോലപ്പറമ്പിലുള്ള ഒരാൾ ഇപ്പോൾ ആലപ്പുഴയുള്ള പുഞ്ചസ്പെഷ്യൽ ആഫീസറെ എന്തെങ്കിലും ആവശ്യത്തിന് ആശ്രയിക്കണം. ഇതിന്റെതായിട്ടുള്ള പ്രയാസങ്ങളും ഇവിടെ വിവരിക്കുകയുണ്ടായി. 1983-ലെ ബഡ്ജറിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കോട്ടയത്ത് ഒരു പുഞ്ച സ്പെഷ്യൽ ആഫീസ് ആരംഭിക്കുന്നതാണെന്ന് ശ്രീ. മാണി പ്രഖ്യാപിച്ചതാണ്. ഡോ. കെ. സി. ജോസഫ് അതിനെക്കുറിച്ചൊന്നും പരാമർശിച്ചില്ല. 1983-ൽ പ്രഖ്യാപിച്ച കോട്ടയത്തെ പുഞ്ച സ്പെഷ്യൽ ഓഫീസ് ഇന്നെവിടെ? ബഡ്ജറ്റിൽ ഉണ്ടോ? ഇങ്ങനെ കേവലം ആളുകളെ കബളിപ്പിക്കാൻ വേണ്ടി, തൽക്കാലം കണ്ണിൽ പൊടിയിടാൻവേണ്ടിയുള്ള വാഗ്ദാനങ്ങളും ചൊരിയുകയെന്നതിനപ്പുറം ആളുകൾക്ക് പ്രയോജനകരമായ, ആശ്വാസകരമായ വിധത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആത്മാർത്ഥതയുണ്ടോ? അങ്ങനെ യാതൊരു ആത്മാർത്ഥതയുമില്ലാതെ കേവലം വാചകമടി മാത്രമായിട്ട് ഒരോരുത്തരുടെ പേരിലും മുതലക്കണ്ണീർ ഒഴുക്കിക്കൊണ്ട് ദിവസങ്ങളും തള്ളിനീക്കി കൊണ്ടുപോകുകയെന്നുള്ള സ്ഥിതിയാണ് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇന്നുള്ളത് എന്നുള്ള കാര്യത്തിൽ സംശമില്ല. ഏതായാലും ശരി ഡോ. കെ. സി. ജോസഫ് ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നത് ഒരുപക്ഷെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു അതോറിറ്റി രൂപീകരിക്കാൻ മുൻകൂട്ടി ഒരുറപ്പ് കിട്ടിയതുകൊണ്ടോ അല്ലെങ്കിൽ ആ തരത്തിലുള്ള ഒരു ധാരണയുടെ അടിസ്ഥാനത്തിലോ ആയിരിക്കണം. അങ്ങനെയൊരു അതോറിറ്റി രൂപീകരിക്കാൻ തത്വത്തിലെങ്കിലും ഇന്ന് ഗവൺമെന്റ് സമ്മതിക്കും. അങ്ങനെ സമ്മതിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികളും ത്വരിതഗതിയിൽ നീക്കുന്നതിനും ആ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങളും വളരെ പെട്ടെന്ന് നടപ്പിലാക്കുന്നതിനുംവേണ്ടി ശ്രമിക്കണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെട്ടുകൊണ്ട് ഞാനീ പ്രമേയത്തെ പിൻതാങ്ങുകയാണ്.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലം ഉൾപ്പെടെയുള്ള കുട്ടനാടൻ മേഖലയുടെ സമഗ്രമായ പുരോഗതിലാക്കാക്കിക്കൊണ്ട് ഒരു കുട്ടനാട് ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന ഡോ. കെ. സി. ജോസഫിന്റെ പ്രമേയത്തിന് ഞാൻ സർവ്വാത്മനാ പിന്തുണ പ്രഖ്യാപിക്കുകയാണ്. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം ഒരു പൊല്ലുണ്ട്, Water, water everywhere, not a drop to drink. അത് കുട്ടനാടിനെ സംബന്ധിച്ചിടത്തോളം വളരെ അനർത്ഥമാണ്. അതുപോലെ തന്നെ ശ്രീമതി ഗൗരിയമ്മ സൂചിപ്പിച്ചതുപോലെ Project, project every time, but not a project to do or execute. എന്ന അവസ്ഥയാണ് കുട്ടനാടിനെ സംബന്ധിച്ചിടത്തോളമുള്ളത്. ഈയിടെ നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി കുട്ടനാട് സന്ദർശിച്ച അവസരത്തിൽ, ഞാനുൾപ്പെടെ കൊടുത്ത നിവേദനത്തിൽ ഒരു കാര്യം പറയുകയുണ്ടായി, സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇവിടെ സമഗ്രമായ ഒരു വികസനം നടപ്പിലാക്കാൻ സാധിക്കുമെന്നുള്ള വ്യാമോഹം ഇല്ല എന്ന്. പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി സമഗ്രമായ ഒരു വികസനം കുട്ടനാടൻ മേഖലയിൽ ഉണ്ടാകണം. ആ അതോറിറ്റിക്ക് സാമ്പത്തികമായ സഹായം കേന്ദ്രഗവൺമെന്റിൽ നിന്ന് ഉണ്ടാകണമെന്ന് നിവേദനത്തിൽകൂടി ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ കാര്യക്ഷമമായ ഒരു പ്രവർത്തനം കാഴ്ചവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുട്ടനാട് വളരെ പ്രകൃതിരമണീയമായ പ്രദേശമാണ്. ഇത് കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന, ജനനിബിഡമായ പട്ടണപ്രദേശങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള പ്രദേശമാണ്. അവിടത്തെ പ്രകൃതിയുടെ സന്തുലിതാ

LIBRARY ARCHIVES Kerala Legislative Assembly

വസ്ഥയ്ക്കുതന്നെ മാറ്റം സംഭവിച്ചിരിക്കുന്നു. നമ്മുടെ പ്രധാനമന്ത്രി സൂചിപ്പിച്ചു, കുട്ടനാട്ടിലെ സന്തുലിതാവസ്ഥ മാറിയിരിക്കുന്നു, ജല മലിനീകരണം ഉണ്ടായിക്കൊണ്ടിരിക്കുന്നു, കൃഷി ലാഭകരമല്ലാതായി മാറിയിരിക്കുന്നു, കളകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മത്സ്യവും താറാവും ഒക്കെ ചത്തൊടുങ്ങുന്ന സ്ഥിതി വന്നുകൊണ്ടിരിക്കുന്നു, കുടിക്കാൻ ശുദ്ധജലമില്ലാതായിരിക്കുന്നു, യാത്രാസൗകര്യം ഇല്ലാതായിരിക്കുന്നു. ഇങ്ങനെ എല്ലാ നിലയിലും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ കുട്ടനാട്ടിലെ സമഗ്രമായ പുരോഗതിയെ ലാക്കാക്കിക്കൊണ്ട് അടിയന്തിരമായ നടപടികളും സ്വീകരിക്കാൻ തയ്യാറാകണം. ആ മേഖലയിൽ രോഗങ്ങളും ഉണ്ടാകാറുണ്ട്, ഉദരസംബന്ധമായ കാൻസർ പോലുള്ള രോഗങ്ങളാണ് ഉണ്ടാകുന്നത്. അതിനെക്കുറിച്ച് ഗവേഷണം നടത്തേണ്ടിയിരിക്കുന്നു. ആ രീതിയിൽ മലിനീകരണം അന്തരീക്ഷത്തിൽ നിലനിൽക്കുന്ന ഒരു സാഹചര്യത്തിൽ ആ പ്രദേശത്തിന്റെ സമഗ്രമായ പുരോഗതി ആവശ്യമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം വളരെയേറെ പരാധീനതകളുണ്ട്. മൂന്നടി മുതൽ നാലടിവരെ താഴ്ചയുള്ള ഭൂമികളിൽ കൃഷി ചെയ്യുന്ന കർഷകരാണ് അവിടെയുള്ളത്. ഇന്ന് കൃഷി ലാഭകരമല്ലാതെയായി മാറിയിരിക്കുന്നു. ഒരു കാലഘട്ടത്തിൽ കുട്ടനാട് കേരളത്തിന്റെ നെല്ലറയായി വിശേഷിപ്പിച്ചിരുന്നുവെങ്കിൽ ഇന്ന് ശവക്കല്ലറയായി മാറിയിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് ഒരു സമഗ്രമായ പുരോഗതി, ജലമലിനീകരണം മാറ്റുന്ന കാര്യത്തിലായാലും ശരി, മത്സ്യസമ്പത്തു സംരക്ഷിക്കുന്ന കാര്യത്തിലായാലും ശരി, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന കാര്യത്തിലായാലും ശരി, ആരോഗ്യസംരക്ഷണകാര്യത്തിലായാലും ശരി മുൻവിധിയോടുകൂടി ഒരു വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കണം. കാലാകാലങ്ങളിൽ ഉണ്ടാകുന്ന കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിൽ എത്തിച്ചേരുന്നതുപോലെയല്ല. ഇന്ന് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഈ അതോറിറ്റി രൂപീകരിക്കാൻ തയ്യാറായിക്കൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറയും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മുമ്പ് കൃഷി വകുപ്പു മന്ത്രി ആയിരുന്ന പലരും ഈ സഭയിൽ ഉണ്ട്. പലരും ഇതിനെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞു. അവർക്കാർക്കും സാധിക്കാത്ത കാര്യത്തിൽ ശ്രീ. ജേക്കബ് മറുപടി പറയുമെന്നുള്ള വിശ്വാസത്തോടുകൂടിതന്നെ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി ഈ പരിപാടി വിശദമായി നടപ്പിലാക്കാനുള്ള സഹായ പരിപാടി മുന്നോട്ടു കൊണ്ടുപോകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാനീ പ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാനീ പ്രമേയത്തെ പിന്താങ്ങുകയാണ്. കേരള മുന്നണിയുടെ ചീഫ് വിപ്പുകൂടിയായ ഡോ. കെ. സി. ജോസഫ് അവതരിപ്പിച്ച ഈ പ്രമേയം ഒരുപക്ഷെ ഗവൺമെന്റ് അംഗീകരിക്കുകയും അങ്ങനെ ഈ ഗവൺമെന്റ് കുട്ടനാട്ടിലെ ജനങ്ങൾക്കുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുകയും അത് ഈ ഗവൺമെന്റിന്റെ ഒരു നേട്ടമാണെന്ന് കൊട്ടിഘോഷിക്കുകയും അങ്ങനെ ജനങ്ങളെ കബളിപ്പിക്കുകയും ചെയ്യുമെന്നതൊഴിച്ചാൽ ഈ പ്രമേയം കൊണ്ട് കുട്ടനാടിനുവേണ്ടി കാര്യമായി യാതൊന്നും ചെയ്യാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല. അതിനു കാരണം, കഴിഞ്ഞ മൂന്നുകൊല്ലമായി ഈ സംസ്ഥാനത്ത് ഭരണത്തിലിരിക്കുന്ന ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ കുട്ടനാട്ടിലെ ജനങ്ങളോട് താല്പര്യമുണ്ടായിരുന്നുവെങ്കിൽ ഡോ. കെ. സി. ജോസഫിന്റെ പാർട്ടിയടക്കം

LIBRARY ARCHIVES Kerala Legislative Assembly

ആ കുട്ടനാടിനുവേണ്ടി എന്തു ചെയ്തുവെന്ന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയാൻ തയ്യാറാകണം. 1980-81 കാലയളവിൽ ഇടതുമുന്നണി ഭരിച്ചിരുന്ന അവസരത്തിൽ കുട്ടനാടിന്റെ വികസനത്തിനു വേണ്ടി മൂന്ന് പദ്ധതികൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് വയ്ക്കുകയുണ്ടായി. ഒന്ന്, 110 കോടി രൂപ വരുന്ന കുട്ടനാടിന്റെ കാർഷിക മേഖലയിലാകെ വമ്പിച്ച മാറ്റം ഉണ്ടാക്കാൻ കഴിയുന്ന ഒരു പദ്ധതിക്ക് ആണ് രൂപം കൊടുത്തത്. കേന്ദ്ര പ്ലാനിംഗ് വൈസ് ചെയർമാൻ ഡോ. സ്വാമിനാഥൻ അടക്കം ചർച്ച ചെയ്ത് സംസ്ഥാന ഗവൺമെന്റ് അന്ന് തയ്യാറാക്കി എല്ലാ പരിശോധനകളും നടത്തിയതിനു ശേഷം ആണ് ആ പദ്ധതി കേന്ദ്ര പ്ലാനിംഗ് കമ്മീഷന് അയച്ചത്. അതുപോലെതന്നെ 35 കോടി രൂപയുടെ മറ്റൊരു പദ്ധതി. അതിനു പുറമെ 12 കോടി രൂപ വരുന്ന തോട്ടപ്പള്ളി ലീഡിംഗ് ചാനൽ പദ്ധതിയുമുണ്ട്. ഇങ്ങനെ മൂന്നു പദ്ധതികൾ ആണ് 21 മാസക്കാലം ഭരിച്ച അവസരത്തിൽ കുട്ടനാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി അംഗീകരിപ്പിച്ച് കേന്ദ്രത്തിൽ അയച്ചത്. ആ പദ്ധതിയെ സംബന്ധിച്ചിടത്തോളം എന്തു നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? എന്തെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ ഈ മൂന്നു പദ്ധതികൾ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അംഗീകരിക്കുമായിരുന്നു. അത് ഫോളോ അപ് ചെയ്തിരുന്നുവെങ്കിൽ ഈ കാലയളവിൽ മൂന്നു പദ്ധതികളും കേന്ദ്ര സഹായത്തോടെ നടപ്പാക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ ഒരു പ്രമേയം പാസ്സാക്കി, ഒരു അതോറിറ്റി ഉണ്ടാക്കി എന്നു പറഞ്ഞുകൊണ്ട് മുന്നോട്ടു വരുന്നു. സർ, ഈ നാട്ടിലെ സ്ഥിതി എന്താണ്? തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടം 1980-81-ൽ ഉദ്ഘാടനം ചെയ്തതാണ്. ആ ഗവൺമെന്റ് പോയതിനുശേഷം തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടം പണി നിർത്തിവച്ചിരിക്കുകയാണ്. അതുപോലെതന്നെ ചങ്ങനാശ്ശേരി, ആലപ്പുഴ റോഡിലെ രണ്ടു പാലങ്ങൾ, പള്ളാത്തുരുത്തി, നെടുമുടി പാലങ്ങൾ, അതിന്റെ പണി നടക്കുന്നതേ ഇല്ല. അത് കേരളത്തിനു അപമാനമാണ്. നമ്മുടെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തുന്ന പണിയാണ്. അതേസമയംതന്നെ യു. പി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ കോട്ടപ്പുറം പാലത്തിന്റെ പണി ഏറ്റെടുത്തു. അവരുടെ പണി ഒരു കൊല്ലത്തിനു മുമ്പ് നമ്മുടെ സംസ്ഥാന ഗവൺമെന്റ് പറഞ്ഞതിനേക്കാൾ ഒരു കൊല്ലം മുമ്പ് പൂർത്തിയാക്കിക്കൊണ്ട് 2 (രണ്ട്) കോടി രൂപയുടെ ലാഭമുണ്ടാക്കിയിരിക്കുകയാണ്. ആലപ്പുഴ, ചങ്ങനാശ്ശേരി പാലങ്ങളുടെ പണി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്ന് മാറ്റി യു. പി. കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിക്കണം. ആ പാലം ഇങ്ങനെ കിടക്കുന്നത് നമ്മുടെ നാടിന് അപമാനമാണ്. ഈ ഗവൺമെന്റിന്റെ കൈയിൽ അതിനു വേണ്ടി ചെലവഴിക്കാൻ ഒരു പൈസ പോലും ഇല്ല. കുട്ടനാട് വികസിക്കണമെങ്കിൽ ഏറ്റവും പ്രധാനമായിട്ടുള്ളതാണ് ചങ്ങനാശ്ശേരി പാലം. ചങ്ങനാശ്ശേരി ആലപ്പുഴ പാലങ്ങൾ ആകെ തള്ളിയതിനുശേഷം ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടി ഒരു അതോറിറ്റി ഉണ്ടാക്കിയെന്നു പറഞ്ഞുകൊണ്ട് പ്രചരണം നടത്തുകയാണ്. ഈ ഗവൺമെന്റിന് ഇതിൽ ആത്മാർത്ഥതയില്ലായെന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. കുട്ടനാട് വികസന അതോറിറ്റി ആരംഭിക്കുന്നു. കുട്ടനാടിന്റെ വികസനത്തെ സംബന്ധിച്ചുള്ള സി. തോമസ് കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടും ഇപ്പോഴും വെള്ളത്തിലായിരിക്കുകയാണ്. അതോറിറ്റികൾ അനവധിയുണ്ട്. വികസനം മാത്രമില്ല. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയില്ലാതായതു പോലെയാണ് ഇപ്പോൾ കുട്ടനാടും കർഷകരും. സർക്കാരാണ് ഇതിനുത്തരവാദി. ഡോക്ടർ, മന്ത്രി ശ്രീ. മാണിയോടു പറയാതെ ഇവിടെ വന്ന് കുട്ടനാട്ടിലെ കൃഷിക്കാരെ കബളിപ്പിക്കുന്നതിനു വേണ്ടി മുതല ക്കണ്ണീർ ഒഴുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലായെന്ന് ഞാൻ വിനയ പുരസ്സരം പറയുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കുട്ടനാട്ടിലെ കൃഷിക്കാർക്കെന്നല്ല കേരളത്തിലെ കൃഷിക്കാർക്ക് യാതൊന്നും ചെയ്യുവാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. അത്രയേറെ ദുരിതങ്ങളാണ് കേരളത്തിലെ കൃഷിക്കാർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ, പൊന്നാനി കോൾ നിലങ്ങളിലെ കൃഷിക്കാർക്ക് 1983-84-ലെ പമ്പിംഗ് സബ്സിഡി ഇതുവരെ കൊടുത്തിട്ടില്ല. 1983 ഏപ്രിൽ മാസത്തിൽ കൊടുക്കാൻ മൊത്തം 170 ലക്ഷം രൂപ കുടിശ്ശികയുണ്ട്. കുട്ടനാട് മേഖലയിൽ 210 ലക്ഷം രൂപയും കോൾ നിലങ്ങൾക്ക് 40 ലക്ഷം രൂപയും വേണ്ടിവരും. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ മൊത്തം 151 ലക്ഷം രൂപ മാത്രമേ ഇതിന് ഉൾക്കൊള്ളിച്ചിട്ടുള്ളൂയെന്ന് മന്ത്രി ഇന്ന് ചോദ്യോത്തരവേളയിൽ ഒരു ചോദ്യത്തിന് മറുപടിയായി പറയുകയുണ്ടായി. കേരളത്തിലെ മുഴുവൻ കൃഷിക്കാരും ഇന്ന് ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ശാശ്വതമായ പരിഹാരം കാണേണ്ടതാണ്. കുട്ടനാടിന്റെ വികസനത്തിന് അതോറിറ്റി രൂപീകരിച്ചാൽ മാത്രം പോരാ. അതിന് കമ്മീഷൻ മാത്രം വാങ്ങിയാൽ പോരാ, അത് കമ്മീഷൻ ചെയ്യാനുള്ള തന്റേടവും ഗവൺമെന്റ് കാണിക്കണം.

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള: സർ, ഡോക്ടർ കെ. സി. ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. ഒരുകാലത്ത് കേരളത്തിന്റെ നെല്ലറ എന്ന് വിശേഷിപ്പിച്ചിരുന്ന കുട്ടനാട്ടിൽ ഇന്ന് നെൽ കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിക്ഷോഭം കൊണ്ട്, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം രണ്ടാം കൃഷിയിറക്കുവാൻ നിവൃത്തിയില്ലാതെ വിഷമിച്ചിരിക്കുന്ന പരിതസ്ഥിതിയാണ് ഇന്ന് അവിടെ ഉള്ളത്. വികസന അതോറിറ്റി രൂപീകരിക്കാൻ വേണ്ടി എത്രയോ വർഷങ്ങൾക്കു മുമ്പ് അതിന്റെ കമ്മീഷൻ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അത് ഇന്നും നടക്കാതെയിരിക്കുകയാണ്. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന സ്ഥലങ്ങളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഗതാഗത സൗകര്യം വളരെ കുറവാണ്. അവിടെ പാലങ്ങളില്ല. തകഴിയിൽ ഒരു പാലം പണിയുമെന്ന് ഇന്നലെ ഇവിടെ പറഞ്ഞു കേട്ടതല്ലാതെ അതിന്റെ നടപടികൾ ഒന്നുംതന്നെ നടക്കുന്നില്ല. തകഴിയിൽ ചങ്ങാടം മുങ്ങുകയും വളരെയധികം ആളുകൾക്ക് അപകടം സംഭവിക്കുകയും ഉണ്ടായി. അവിടെ ചങ്ങാടത്തിലാണ് വാഹനങ്ങൾ അക്കരെ കൊണ്ടു പോകുന്നത്. അതുപോലെതന്നെ എന്റെ നിയോജക മണ്ഡലമായ ചെങ്ങന്നൂരിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ മാന്നാർ, പാണ്ടനാട്, തിരുവൻവണ്ടൂർ—ഈ വില്ലേജുകളൊക്കെ വികസന അതോറിറ്റിയിൽ ഉണ്ടെങ്കിലും അവിടെ യാതൊരു വികസനവും നടക്കുന്നില്ല.

അതുപോലെതന്നെ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടിട്ടുള്ള ഹരിപ്പാട്, വീയപുരം, കടപ്ര ഹൈവേയുടെ പണിയും നടക്കുന്നില്ല. ആ പണി ഏതോ ഒരു വ്യക്തിയുടെ താല്പര്യത്തിനു വേണ്ടി നിർത്തി വച്ചിരിക്കുകയാണ്. വീയപുരത്ത് ഒരു പാലമുണ്ട്. നാഷണൽ ഹൈവേയും

LIBRARY ARCHIVES Kerala Legislative Assembly

മലയോരപ്രദേശവുമായി ബന്ധപ്പെടുത്തുന്ന റോഡിൽ അതിന്റെ പണികളൊന്നും തന്നെ നടക്കുന്നില്ല. അങ്ങനെ വികസനത്തെ സംബന്ധിച്ചിടത്തോളം ഒരു കീറാമുട്ടി എന്നുള്ള തരത്തിൽ കുട്ടനാട് ഇന്ന് നശിച്ചു കൊണ്ടിരിക്കുകയാണ്. കിഴക്കൻ പ്രദേശങ്ങളിൽനിന്നും ഉൽഭവിക്കുന്ന നദികളായ അച്ചൻകോവിൽ ആറ്, പമ്പ, മണിമല അതുപോലെ മീനച്ചിൽ ആറ് ഇവ ആറുകളും വന്നു യോജിക്കുകയും അത് കടലിലേക്ക് പതിക്കുകയും ചെയ്യുന്ന ആസ്ഥാനങ്ങളിൽ ലീഡിംഗ് ചാനലിൽ മണ്ണ് നിറയുന്ന കാരണത്താൽ വെള്ളപ്പൊക്ക കാലത്ത് സ്പിൽവേ തുറന്നു വിട്ടിട്ടും വെള്ളം കടലിലേക്ക് വീഴാതെ കരയിലേക്ക് കയറുകയാണുണ്ടായത്. ലീഡിംഗ് ചാനലിന് ആവശ്യത്തിനുള്ള ആഴമില്ല. അതിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾക്ക് വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെങ്കിലും അതു നടക്കുന്നില്ല. അതുകൊണ്ട് ഈ വികസന അതോറിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് മുന്നോട്ടു വരികയും അത് എത്രയും പെട്ടെന്ന് നടപ്പാക്കുകയും ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള ഒരു പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇത് ഒരു കബളിപ്പിക്കലാണെന്ന് പറയുന്നതിൽ യാതൊരർത്ഥവുമില്ല. 1978-ൽ ഞാൻ മന്ത്രിയായിരുന്ന കാലത്ത് അന്ന് യൂറോപ്യൻ കൺസോർഷ്യം എന്നുപറഞ്ഞ് ഒരു വലിയ കമ്പനി ഇതുപോലെയുള്ള സഹായം ചെയ്യാമെന്ന് പറഞ്ഞ് മുമ്പോട്ടു വന്നതാണ്. ഇത് സായിപ്പിന്റെ കാര്യമല്ല എന്ന് പറഞ്ഞ് എല്ലാവരും കൂടി ബഹളം കൂട്ടി അവരെ ഓടിച്ചു. ഇപ്പോഴെങ്കിലും അത് ചെയ്യാൻ മുന്നോട്ടു വന്നതിൽ എനിക്ക് അങ്ങേയറ്റം സന്തോഷമുണ്ട്. ഈ കാര്യം നടക്കും, നടത്തിപ്പിക്കും. ഇത് സംശയമില്ലാത്ത കാര്യമാണ്. ഈ പദ്ധതിയുടെ അടങ്കൽ തുക 226 കോടി ഉറുപ്പിക വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. നെതർലാന്റ് ഗവൺമെന്റ് സഹായിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. 54 വില്ലേജുകളിലായി 115 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ള പ്രദേശം ഉൾപ്പെടുന്ന വാട്ടർ സപ്ലൈ, കമ്മ്യൂണിക്കേഷൻ, ഇറിഗേഷൻ, ഡ്രെയിനേജ്, അഗ്രിക്കൾച്ചർ, ഫിഷറീസ്, അനിമൽ ഹസ്ബൻഡറി, ലാൻഡ് യൂസ്, ഹൗസിംഗ്, ഇൻഡസ്ട്രീസ്, ടൂറിസം, ഹെൽത്ത് ഇതൊക്കെ ഇവിടെ നടത്തും. പ്രമേയത്തിൽ പറഞ്ഞിട്ടുള്ള പ്രദേശങ്ങൾ പ്രമേയാവതാരകനായ ഡോക്ടർ കെ. സി. ജോസഫ് തന്നെ കൂട്ടിച്ചേർത്തതായ മാവേലിക്കര താലൂക്കിലെ കുട്ടനാടൻ ഭാഗവും ഈ പദ്ധതിയുടെ കീഴിൽ വരും. 116 കോടി ഉറുപ്പികയോളം ചെലവു വരുന്ന ഈ പദ്ധതിക്ക് കേന്ദ്ര സഹായം കിട്ടും. അതിനായി രണ്ടു പ്രാവശ്യം ഞാൻ സംഘം കുട്ടനാട് സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. പ്രധാന പരിപാടികൾ ഏറ്റെടുക്കുന്നതിനുമുമ്പ് water balance study വേണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്റെ കാരണം കുട്ടനാട് പ്രദേശം സീ ലെവലിൽ നിന്ന് താഴ്ന്നതാണ് എന്നതാണ്. അതുകൊണ്ടാണ് water balance study വേണമെന്ന് പറഞ്ഞിട്ടുള്ളത്. ഇതിനായി മൂന്നു കോടി ഉറുപ്പിക ചെലവു വരും. water balance study പൂർത്തിയായാൽ ഉടൻ കുട്ടനാട് ഡവലപ്മെന്റ് അതോറിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങും. ഇപ്പോഴത്തെ തീരുമാനമനുസരിച്ച് water balance study 1986 ആദ്യം ആരംഭിക്കുമെന്നാണ് കരുതുന്നത്. ഈ സാഹചര്യത്തിൽ ഈ പ്രമേയം അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ കെ. സി. ജോസഫ് അവതരിപ്പിച്ച, ''ഒരു പിന്നോക്ക പ്രദേശമായ കുട്ടനാടിന്റെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുവേണ്ടി, കുട്ടനാട് താലൂക്ക്, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, ചേർത്തല, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകളുടെ കുട്ടനാടൻ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു കുട്ടനാടൻ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു''. എന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ നൽകേണ്ട കുടിശ്ശിക

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. ''റിബേറ്റിനത്തിൽ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് നൽകേണ്ട.....

12 NOON]

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ആദ്യത്തെ പ്രമേയം അംഗീകരിച്ചുവെന്ന് പറഞ്ഞു. ഭേഗേതിയോടുകൂടിയാണോ അംഗീകരിച്ചത് ഭേഗേതി തള്ളിക്കൊണ്ടാണോ അംഗീകരിച്ചത്?

മി. ചെയർമാൻ: ഭേഗതി മൂവ് ചെയ്തിട്ടില്ല. ശ്രീ. സി. കെ. തങ്കച്ചൻ ഭേഗതി മൂവ് ചെയ്തിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: മൂവ് ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് ചോദിച്ചില്ല. അങ്ങനെയൊരു നടപടിക്രമമില്ലേ?

മി. ചെയർമാൻ: ഭേഗതി ആരും മൂവ് ചെയ്തില്ല.

ശ്രീ. ഇ. കെ. നായനാർ: മൂവ് ചെയ്യുന്നുണ്ടായെന്ന് ചോദിക്കണ്ടേ? ആരെയെങ്കിലും വിളിച്ചോ? ആരെയും വിളിച്ചില്ല. ചെയറിന് ഒരു നടപടിക്രമമില്ലേ?

ശ്രീ. എ. സി. ജോസ്: ഇപ്പോൾ സ്വകാര്യാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും ചർച്ച ചെയ്യുമ്പോൾ ഭേഗതി കൊടുക്കുന്ന അടിസ്ഥാനത്തിലല്ല ചർച്ചചെയ്തത് പോകുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഓരോ പാർട്ടിയിൽനിന്നും പ്രസംഗിക്കാനുള്ള ആളുകളുടെ പേര് പറയും. ഭേഗതി കൊടുത്ത് ചർച്ച ചെയ്യാറില്ല, ഈപ്രാവശ്യം അങ്ങനെ ചർച്ച ചെയ്തിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: ശ്രീ. ജോസിന് അത് അറിഞ്ഞുകൂടാത്തതുകൊണ്ടാണ്. ഇപ്പോൾ ആ സിസ്റ്റമല്ല.

ശ്രീ. എം. വി. രാഘവൻ: പ്രമേയത്തിന്റെ ചർച്ച തുടങ്ങുമ്പോൾതന്നെ മൂവ് ചെയ്യുന്നുണ്ടോയെന്ന് ചെയറിൽനിന്ന് ചോദിക്കുകയും മൂവ് ചെയ്യുകയും ചെയ്യാറുണ്ട്. മൂവ് ചെയ്യാൻ സീറ്റിൽ ഇല്ലാത്തവരുടെ ഭേഗതി പിന്നെ എടുക്കുകയില്ല. അത് ആദ്യം ഭേഗതി മൂവ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചില്ല. അതിന് ഞങ്ങൾ ഉത്തരവാദിയല്ല. അതുകൊണ്ട് ഇപ്പോൾ മൂവ് ചെയ്യാൻ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly